# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*194 12.02.2020- ൽ മറുപടിക്ക്**

## കൈത്തറി മേഖലയുടെ സമഗ്രപുരോഗതിക്ക് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.കെ.ആൻസലൻ<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.കെ.ഡി.പ്രസേനൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൈത്തറി മേഖലയുടെ സമഗ്രപുരോഗതിയും കൈത്തറി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിലെ പരമ്പരാഗത തൊഴിൽ മേഖലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കൈത്തറി വസ്ത്ര മേഖല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങളിലെ നെയ്ത്തു തറികൾ ഭൂരിഭാഗവും ഭാഗികമായി മാത്രമേ പ്രവർത്തിപ്പിച്ചിരുന്നുള്ളൂ. മാത്രവുമല്ല നൂറോ നൂറ്റിയമ്പതോ രൂപ കൂലിയിൽ വർഷത്തിൽ നൂറു ദിവസത്തിനു താഴെ മാത്രമായിരുന്നു ജോലി ലഭ്യമായിരുന്നത്. ഇക്കാരണത്താൽ കൈത്തറി തൊഴിലാളികൾ ഈ മേഖലയിൽ നിന്നും കൊഴിഞ്ഞു പൊയ്കൊണ്ടിരുന്നു. ഈ സാഹചര്യത്തിൽ കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനവും കൂടുതൽ തൊഴിൽ ദിനങ്ങളും ലഭ്യമാക്കുന്നതിനായി ഈ സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. ടി പദ്ധതി നടപ്പിലാക്കി 4 വർഷം പിന്നിട്ടപ്പോൾ 5760 നെയ്ത്ത് തൊഴിലാളികളും 1513 അനുബന്ധ തൊഴിലാളികളും പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തനരഹിതമായി പൂട്ടികിടന്നിരുന്ന 15 സംഘങ്ങൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി തുറന്നു പ്രവർത്തിപ്പിക്കുവാൻ സാധിച്ചു. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി ഇതുവരെ 124.8 കോടിയോളം രൂപ കൂലിയിനത്തിൽ നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി |

മേഖലയിൽ നടപ്പിലാക്കിയ മിനിമം കൂലി വർദ്ധനവ് സ്കൂൾ യൂണിഫോം പദ്ധതിയിലും ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകദേശം 250 ൽ കൂടുതൽ തൊഴിൽദിനങ്ങൾ പ്രസ്തുത പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് ലഭ്യമാകുന്നുണ്ട്.

കൈത്തറി മേഖലയുടെ സമഗ്ര പുരോഗതിയ്ക്കായി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂൽ, ചായം, രാസ വസ്തുക്കൾ എന്നീ അസംസ്കൃതവസ്തുക്കൾ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി യഥാസമയം ലഭ്യമാക്കുന്നതിന് കഴിനൂൽ സബ്സിഡിയും, ഡൈസ് ആന്റ് കെമിക്കൽ സബ്സിഡിയും നൽകി വരുന്നു.

കൂടാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകി വരുന്നുണ്ട്.

കൈത്തറി തൊഴിലാളികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുന്നതിന് 18-51 വയസ്സ് വരെയുള്ളവരെ കൺവെർജ്ഡ് എം.ജി.ബി.ബി.വൈ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൈത്തറി മേഖലയിലേക്ക് നവസംരംഭകരെ ആകർഷിക്കുന്നതിനും, തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉത്പാദന യൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സർക്കാർ സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനായി സംരംഭകന് ഏറ്റവും കുറഞ്ഞത് പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കണം. ഈ പദ്ധതി പ്രകാരം സംരംഭം ആരംഭിക്കുന്നതിനു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുടെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% (പരമാവധി 4 ലക്ഷം രൂപയും) പ്രവർത്തന മൂലധനത്തിന്റെ 30% (പരമാവധി 1,50,000/- രൂപയും) സർക്കാർ ഗ്രാന്റായി നൽകി വരുന്നു. സംരംഭകത്വ അഭിരുചിയുള്ള യുവതീ യുവാക്കളാണ് ഇതിന്റെ ഗുണഭോക്താക്കൾ. 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ച സംരംഭങ്ങളിൽ ഏകദേശം 200 ൽ

അധികം പുതിയ നെയ്ത്തുകാർ ഈ പരമ്പരാഗത മേഖലയിൽ സ്വയം തൊഴിൽ നേടിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ സ്വയം തൊഴിൽ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതും ടി തുകയിൽ നിന്നും 5 സംരംഭകർക്കായി 13,65,712/- രൂപ അനുവദിച്ച് നല്കിയിട്ടുള്ളതുമാണ്.

കൈത്തറി മേഖലയുടെ പുരോഗതിയ്ക്കും, കൈത്തറി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുമായി, വാർഷിക വിറ്റുവരവ് 30 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പക്സ് സംഘങ്ങൾ എന്നിവർക്ക് മുൻവർഷത്തെ ശരാശരി വാർഷിക വിറ്റുവരവിന്റെ 10% തുക മാർക്കറ്റിംഗ് ഇൻസെന്റീവ് ആയി നൽകുന്ന ഒരു പദ്ധതി കേന്ദ്ര സർക്കാർ നടത്തി വരുന്നു. അതിൽ 5% തുക സംസ്ഥാന സർക്കാർ വിഹിതമായാണ് നൽകുന്നത്.

സംസ്ഥാനത്തിനകത്ത് ഉത്പാദിപ്പിക്കുന്ന കൈത്തറി തുണിത്തരങ്ങളുടെ വിൽപനയ്ക്കായി പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്ക് സംസ്ഥാന സർക്കാർ റിബേറ്റ് നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. ഉപഭോക്താക്കളെ ആകർഷിക്കുകയും, വിൽപ്പന വർദ്ധിപ്പിക്കുകയും, അതിലൂടെ കൈത്തറി മേഖലയെ പരിപോഷിപ്പിക്കുകയും, തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

ഉത്സവ കാലങ്ങളിൽ മുൻകൂട്ടി തീരുമാനിച്ച ദിവസങ്ങളിൽ നിശ്ചിത നിരക്കിൽ കിഴിവ് നൽകി കൈത്തറി തുണിത്തരങ്ങളുടെ വിൽപ്പന നടത്തി വരുന്നു. ഇപ്രകാരം നടത്തി വരുന്ന വിൽപനയിൽ കിഴിവ് നൽകുന്ന തുക പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്ക് സംസ്ഥാന റിബേറ്റ് പദ്ധതി പ്രകാരം സർക്കാർ റി-ഇമ്പേഴ്സ് ചെയ്തു നൽകുന്നുണ്ട്. 2019-20 വർഷത്തിൽ താഴെ പറയും പ്രകാരം 20 കോടി രൂപ പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവർക്കായി റിബേറ്റ് പദ്ധതി പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

| ജില്ല | നൽകിയ തുക |
|---|---|
| തിരുവനന്തപുരം | 507079 |
| കൊല്ലം | 762263 |
| കോട്ടയം | 56940 |
| ഇടുക്കി | 68171 |
| എറണാകുളം | 11151853 |
| തൃശ്ശൂർ | 8299654 |
| പാലക്കാട് | 6678257 |
| കോഴിക്കോട് | 6767481 |
| വയനാട് | 397918 |
| കണ്ണൂർ | 27075139 |
| കാസർഗോഡ് | 4157991 |
| ഹാൻവീവ് | 73900185 |
| ഹാന്റക്സ് | 60177069 |
| **ആകെ** | **200000000** |

പ്രാഥമിക സഹകരണ സംഘങ്ങളുടെ വർക്ക്ഷെഡ് നവീകരണത്തിനായി ഒരു സംഘത്തിന് പരമാവധി 4 ലക്ഷം രൂപയും നെയ്ത്തുകാർക്ക് വീടിനോടനുബന്ധിച്ചുള്ള വ്യക്തിഗത പണിശാല നവീകരണത്തിന് ഒരു നെയ്ത്തുകാരന് പരമാവധി 20,000/- രൂപയും അനുവദിച്ചു വരുന്നു. 2019-20 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ നവീകരണത്തിനായി ഒരു സംഘത്തിന് പരമാവധി 3 ലക്ഷം രൂപ അനുവദിച്ചു നൽകുന്നു. 2019-20 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളിലെ വനിതാ നെയ്ത്തുകാർക്ക് റെസ്റ്റ് റൂം, സ്റ്റോറേജ് ഫെസിലിറ്റി, ടോയ്‌ലെറ്റ് സൗകര്യം എന്നിവയ്ക്കായി ഗ്രാന്റ് അനുവദിച്ചു നൽകുന്നുണ്ട്. പുതിയ റെസ്റ്റ് റൂം നിർമ്മാണത്തിനും അതിനോടനുബന്ധിച്ചുള്ള സ്റ്റോറേജ് ഫെസിലിറ്റിക്കും 3.5 ലക്ഷം രൂപയും ടോയ്‌ലെറ്റ് മെയിന്റനൻസിനായി 50,000/-

രൂപയും ചേർത്ത് പരമാവധി 4 ലക്ഷം രൂപയാണ് ഒരു ഫാക്ടറി ടൈപ്പ് സംഘത്തിന് അനുവദിച്ചു നൽകുന്നത്. 2019-20 സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

| | |
|---|---|
| (ബി) കൈത്തറി ഉല്പന്നങ്ങളുടെ ഉപ യോഗം വർദ്ധിപ്പിക്കുന്നതിനും കൈത്തറി വിപണി വിപുലപ്പെടു ത്തുന്നതിനും എന്തെല്ലാം മാർഗ്ഗ ങ്ങളാണ് അവലംബിച്ചിട്ടുള്ളത്; | (ബി) കലാപരമായ കൈത്തറി പരമ്പരാഗത കരവിരുത് പ്രയോജനപ്പെടുത്തി നൂതനവും ആകർഷണീയവും മൂല്യവർദ്ധനവോടു കൂടിയതുമായ കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് വിദഗ്ധ നെയ്ത്തു തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുകയും, കൈത്തറി സഹകരണ സംഘങ്ങളുടെ ഷോറൂം നവീകരണ ത്തിനുള്ള ധനസഹായം നൽകി വരികയും ചെയ്യുന്നു. കൈത്തറിയെ പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയ മാക്കുന്നതിനും വീവേഴ്സ് ഫെസ്റ്റ്/ നെയ്ത്തുത്സവം എന്നിവ നടത്തുന്നതിനുള്ള ധന സഹായവും നൽകുന്നുണ്ട്. |

കൈത്തറി ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പി ക്കുന്നതിനും കൈത്തറി വസ്ത്രങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് പ്രാഥമിക കൈത്തറി സംഘങ്ങൾ, അപ്പക്സ് സ്ഥാപനമായ ഹാന്റക്സ്, പൊതുമേഖലാ സ്ഥാപനമായ ഹാൻവീവ് എന്നിവയ്ക്ക് കൈത്തറി പ്രദർശന വിപണന മേളകളിൽ (സംസ്ഥാനത്തിനകത്തും, അന്യ സംസ്ഥാനങ്ങളിലും) പങ്കെടുക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം നൽകി വരുന്നു. കൂടാതെ സംസ്ഥാന പ്രദർശന മേളകളിൽ പങ്കെടുക്കുന്നവർക്ക് അവരുടെ ആകെ വില്പനയുടെ 10% പരമാവധി 10,000/- രൂപ എക്സ്ബിഷൻ ഗ്രാന്റായി നൽകുന്നു. സംസ്ഥാനത്തിനകത്ത് ഓണം, ക്രിസ്തുമസ്സ്, വിഷു എന്നീ സീസണുകളിലും കൂടാതെ പ്രത്യേക അനുമതിയോടു കൂടിയും സംഘടിപ്പിക്കുന്ന പ്രദർശന വിപണന മേളകൾക്കായി ജില്ലാ വ്യവസായ കേന്ദ്രം മുഖേന തുക അനുവദിച്ചു നൽകുന്നുണ്ട്. നാഷണൽ ഹാന്റ്ലൂം എക്സ്പോ, സ്പെഷ്യൽ ഹാന്റ്ലൂം എക്സ്പോ, ഇന്റർനാഷണൽ ട്രേഡ് ഫെയർ, മലബാർ ക്രാഫ്റ്റ് മേള എന്നിങ്ങനെയുള്ള ദേശീയ, അന്തർ ദേശീയ പ്രദർശന വിപണന മേളകളിൽ പങ്കെടുക്കു ന്നതിനും സാമ്പത്തിക സഹായം നൽകി വരുന്നു. ഇതു കൂടാതെ വി.ജെ.റ്റി ഹാൾ, വികാസ് ഭവൻ എന്നിവിടങ്ങളിൽ പ്രത്യേക പ്രദർശന മേളകൾ സംഘടിപ്പിക്കുന്നതിന് അനുമതിയും ആയതിന്

ുകയും എക്സിബിഷൻ ഗ്രാന്റും അനുവദിക്കുന്നുണ്ട്. കൈത്തറി വസ്ത്രങ്ങളുടെ വിദേശ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനായി വിദേശ വിൽപ്പന/കയറ്റുമതിക്ക് എക്സ്പോർട്ട് മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) കൈത്തറി സഹകരണസംഘങ്ങളെ ശക്തീകരിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കൈത്തറി സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിനായി നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള നൂൽ, ചായം, രാസവസ്തുക്കൾ എന്നീ അസംസ്കൃതവസ്തുക്കൾ ന്യായമായ വിലയ്ക്ക് യാൺ ബാങ്കുകൾ വഴി യഥാസമയം ലഭ്യമാക്കുന്നു. ആയതിലേക്കായി യാൺ സബ്സിഡിയും ഡൈസ് ആന്റ് കെമിക്കൽ സബ്സിഡിയും നൽകി വരുന്നു. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം യാൺ ബാങ്കുകൾ വഴി നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പയും നൽകുന്നുണ്ട്.

(ഡി) കൈത്തറി മേഖലയിലെ തൊഴിൽ വൈദഗ്ധ്യം,അറിവ്, സാങ്കേതികത എന്നിവ മെച്ചപ്പെടുത്തുന്നതിനും കൈത്തറി ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

(ഡി) കൈത്തറി മേഖലയിൽ സാങ്കേതിക വിദ്യ ഉയർത്തുന്നതിനും നൂതന സാങ്കേതിക വിദ്യകൾ നെയ്ത്തുകാർക്ക് കൈമാറ്റം ചെയ്യുന്നതിനുമായി വിവിധതരം ഉപകരണങ്ങൾ വാങ്ങി നെയ്ത്തു സംഘങ്ങൾക്ക് നല്കുന്നതിന് സർക്കാർ ധനസഹായം നൽകുന്നു.

കൈത്തറി വസ്ത്രങ്ങൾ ഉപഭോക്താൾക്ക് തിരിച്ചറിയുന്നതിനും അതിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനും, കൈത്തറി എന്ന വ്യാജേന ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനും വേണ്ടി 'ഹാന്റ് ലൂം മാർക്ക്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ